# Visit of Minister of Foreign Affairs of Russian Federation to India (31 March – 1 April 2022)

April 01, 2022

**റഷ്യൻ ഫെഡറേഷൻ വിദേശകാര്യ മന്ത്രിയുടെ ഇന്ത്യാ സന്ദർശനം (2022 മാർച്ച് 31 മുതൽ ഏപ്രിൽ 1 വരെ)**

ഏപ്രിൽ 01, 2022

റഷ്യൻ ഫെഡറേഷൻ വിദേശകാര്യ മന്ത്രി എച്ച്.ഇ ശ്രീ. സെർജി ലാവ്റോവ് 2022 മാർച്ച് 31 മുതൽ ഏപ്രിൽ 1 വരെയുള്ള തിയ്യതികളിൽ ഇന്ത്യയിൽ ഔദ്യോഗിക സന്ദർശനം നടത്തുന്നു.

2. വിദേശകാര്യ മന്ത്രി ഡോ. എസ് ജയശങ്കർ റഷ്യൻ വിദേശകാര്യ മന്ത്രിയുമായി 2022 ഏപ്രിൽ 1 ന് ചർച്ചകൾ നടത്തിയും രണ്ട് മന്ത്രിമാരും തമ്മിൽ സഹകരണ പ്രവർത്തനങ്ങളുടെ മൊത്തത്തിലുള്ള അവസ്ഥ വിലയിരുത്തുകയും ചെയ്തു. വ്യാപാര, സാമ്പത്തിക ബന്ധങ്ങളിലെ സമീപകാല സംഭവവികാസങ്ങളുടെ പ്രത്യാഘാതങ്ങളും അവർ പരിഗണിച്ചു. ഒരു വികസ്വര സമ്പദ്വ്യവസ്ഥ എന്ന നിലയിൽ, വിവിധ മേഖലകളിലെ ആഗോള വ്യതിയാനങ്ങൾ ഇന്ത്യയെ പ്രത്യേകമായി ആശങ്കപ്പെടുത്തുന്നുവെന്ന് വിദേശകാര്യമന്ത്രി ഊന്നിപ്പറഞ്ഞു . ഇരു രാജ്യങ്ങൾക്കും അവരുടെ സാമ്പത്തിക സാങ്കേതിക വ്യക്തിഗത ബന്ധങ്ങൾ സംബന്ധിച്ചുള്ള മേഖലകൾ സുസ്ഥിരവും പ്രവചനീയവുമായി തുടരേണ്ടത് പ്രധാനമാണ്.

3. ഉക്രൈനുമായി ബന്ധപ്പെട്ട സംഭവവികാസങ്ങൾ ഇരു മന്ത്രിമാരും ചർച്ച ചെയ്തു. നടന്നുകൊണ്ടിരിക്കുന്ന ചർച്ചകൾ ഉൾപ്പെടെ റഷ്യയുടെ വീക്ഷണകോണിൽ നിന്ന് മന്ത്രി ലാവ്റോവ് ഇന്ത്യൻ പക്ഷത്തോട് വിവരിച്ചു. അക്രമം അവസാനിപ്പിക്കേണ്ടതിന്റെയും ശത്രുത അവസാനിപ്പിക്കുന്നതിന്റെയും പ്രാധാന്യം വിദേശകാര്യ മന്ത്രി പറഞ്ഞു. അഭിപ്രായവ്യത്യാസങ്ങളും തർക്കങ്ങളും സംഭാഷണത്തിലൂടെയും നയതന്ത്രത്തിലൂടെയും അന്താരാഷ്ട്ര നിയമം, യുഎൻ ചാർട്ടർ, രാജ്യങ്ങളുടെ പരമാധികാരം, പ്രാദേശിക സമഗ്രത എന്നിവയെ മാനിച്ചും പരിഹരിക്കേണ്ടതാണ്.

4. അഫ്ഗാനിസ്ഥാനിലെ സ്ഥിതിഗതികളും മന്ത്രിമാർ ചർച്ച ചെയ്തു. അടുത്തിടെ ചൈനയിൽ നടന്ന അഫ്ഗാനിസ്ഥാനുമായി ബന്ധപ്പെട്ട

സമ്മേളനത്തെക്കുറിച്ചുള്ള തന്റെ വിലയിരുത്തൽ മന്ത്രി ലാവ്‌റോവ് അറിയിച്ചു. യു എൻ എസ സി ആർ 2593 അന്താരാഷ്ട്ര സമൂഹത്തിന്റെ ആശങ്കകൾ പ്രകടിപ്പിക്കുകയും അഫ്ഗാൻ ജനതയ്ക്ക് ആവശ്യമായ മാനുഷിക പിന്തുണയെക്കുറിച്ച് സംസാരിക്കുകയും ചെയ്തുവെന്ന് വിദേശകാര്യമന്ത്രി അഭിപ്രായപ്പെട്ടു. ഇറാൻ, ജെസിപിഒഎ വിഷയങ്ങളും ചർച്ചയിൽ ഇടംപിടിച്ചു. വിഷയത്തെക്കുറിച്ചുള്ള റഷ്യൻ ബ്രീഫിംഗിനെ വിദേശകാര്യമന്ത്രി സ്വാഗതം ചെയ്തു.

5. റഷ്യൻ വിദേശകാര്യമന്ത്രി ഇതിനു ശേഷം പ്രധാനമന്ത്രി ശ്രീ നരേന്ദ്ര മോദിയെയും സന്ദർശിക്കും.

**ന്യൂ ഡെൽഹി**

**ഏപ്രിൽ 1, 2022**

DISCLAIMER: This is an approximate translation. The original is available in English on MEA's website and may be referred to as the official press release.